# കാസർകോട്ടുനിന്ന് നീര വിപണിയിലേക്ക്

**കാസർകോട്:** കാസർകോട് നാളികേര ഉത്പാദക കമ്പനിയുടെ നീര ഉത്പന്നങ്ങൾ ജൂലായിൽ വിപണിയിലിറങ്ങും. നീര പാനീയം, നീര പഞ്ചസാര, ചക്കരെ എന്നിവയാണ് വിപണിയിലിറക്കുന്നതെന്ന് കമ്പനി ചെയർമാൻ എം.പി.ബേബി അറിയിച്ചു.

പ്രതിദിനം പതിനായിരം ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള പ്ലാൻറ് കമ്പനി വെള്ളരിക്കുണ്ടിൽ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

ചെത്തുതൊഴിലാളികൾ ബോർഡിൻെറ വാഴക്കുളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് പരിശീലനം നേടുന്നതോടെ പ്ലാൻറിൻെറ പ്രവർത്തനം തുടങ്ങും. നീര ചെത്താനുള്ള 1500 തെങ്ങുകൾ കണ്ടെത്തിയിട്ടുണ്ട്.